(സി) ഉണ്ട്. ഈ വർഷം 600 ഹെക്ടർ സ്ഥലത്ത് കശുമാവു കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പുൽകൃഷി പദ്ധതിക്ക് ചെലവഴിച്ച തുക

85 (1139) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച കൊല്ലം കോസ്റ്റ് (പുൽകൃഷി) പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ പദ്ധതിക്ക് സർക്കാരിൽ നിന്നും എന്തു തുക ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 75 കുടുംബങ്ങൾക്ക് രണ്ടു പശുക്കളടങ്ങുന്ന ഡയറി യൂണിറ്റുകൾ സ്ഥാപിക്കുവാനായി ധനസഹായം നൽകി.

(ബി) 8,42,500 രൂപ ചെലവഴിച്ചു. ഇതിൽ 7,12,500 രൂപ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുവാനായി ധനസഹായം നൽകുന്നതിനും 1,30,000 രൂപ ശമ്പളം നടത്തിപ്പ് ചെലവ് തുടങ്ങിയവയ്ക്കായും ചെലവഴിച്ചു.

മണ്ഡരിബാധ തടയുവാൻ നടപടി

86 (1140) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മണ്ഡരിബാധ തടയുവാൻ കേരള കാർഷിക സർവ്വകലാശാല മുഖേന ഏതെങ്കിലും പദ്ധതി കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കനുവദിച്ച തുകയുടെ കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാത്തതിന്റെ പേരിൽ പ്രസ്തുത പദ്ധതി നിറുത്തൽ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാനും ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾക്ക് തടസ്സമുണ്ടാക്കാതിരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാല, ഡെവലപ്മെന്റ് ഓഫ് ആൻ ഇന്റഗ്രേറ്റഡ് പെസ്റ്റ്മാനേജ്മെന്റ് പാക്കേജ് ഫോർ ദി ഏരിയോ ഫെഡ്മൈറ്റ് ഓഫ് കോക്കനട്ട് ഇൻദി സതേൺസ്റ്റേറ്റ് എന്ന എൻ. എ. റ്റി. പി. പ്രോജക്ട് മൂന്നുവർഷത്തേക്ക് അനുവദിക്കുകയുണ്ടായി. ഈ പ്രോജക്ട് നടത്തിപ്പിനായി യഥാക്രമം 30-32 ലക്ഷം രൂപ 2000-2001 മുതൽ 2002-2003 വരെ അനുവദിക്കുകയുണ്ടായി. ഈ പ്രോജക്ട് ഇപ്പോഴും തുടർന്നുവരുന്നു. മൈറ്റിനെ സംബന്ധിച്ച ബയോ ഇക്കോളജി പഠനവും അതിന്റെ പ്രകൃതിയിലുള്ള ശത്രുകീടങ്ങളെ കണ്ടുപിടിക്കുക, പ്രകൃതി ദത്തമായ പരിതസ്ഥിതിക്കിണങ്ങിയ മൈറ്റ് കൺട്രോൾ ഏജന്റിനെ കണ്ടുപിടിക്കുക തുടങ്ങിയവയും കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്കു മൈറ്റ് നിയന്ത്രണത്തെക്കുറിച്ചുള്ള ട്രെയിനിംഗ് കൊടുക്കുകയും ഉദ്യോഗിച്ചുള്ളതാണ് ടി പ്രോജക്ട്.

(സി) ഇല്ല. പദ്ധതി ഇപ്പോഴും തുടർന്നു നടപ്പാക്കുന്നുണ്ട്.

(ഡി) ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മണ്ഡരി നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടി

87 (1141) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) തദ്ദേശ ഭരണസ്ഥാപനങ്ങൾ ചെലവാക്കിയിട്ടുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി മണ്ഡരി നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എത്ര പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly